(ബി) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റൂൾ 6(1) (എ) ജി.പി.എഫ്.(കേരള) ചട്ടങ്ങൾ പ്രകാരം എല്ലാ സർക്കാർ സർവ്വീസ് ജീവനക്കാരും ജി.പി.എഫിൽ ചേരാൻ അർഹരാണ്. ഇതിനായി ധനകാര്യ വകുപ്പിന്റെ പ്രത്യേക ഉത്തരവ് ആവശ്യമില്ല. അതാത് വകുപ്പുകളിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടതാകുന്നു.

(ബി) ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണവകുപ്പാണ് വേണ്ട നടപടി സ്വീകരിക്കേണ്ടത്.

15 (1747) ധനകാര്യ സെക്രട്ടേറിയറ്റിലെ നിയമനം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ സെക്രട്ടേറിയറ്റിൽ ഏതെല്ലാം തസ്തികകളിൽ കരാർ വ്യവസ്ഥകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ധനകാര്യ വകുപ്പിൽ കംപ്യൂട്ടർ ഓപ്പറേറ്റർമാരെയും അനലിസ്റ്റുമാരായും എത്രപേരെ നിയമിച്ചിട്ടുണ്ട്;

(സി) ഇതിൽ കരാർ നിയമനം ലഭിച്ച ആരെയെങ്കിലും സംസ്ഥാന സർക്കാർ ഉപരിപഠനത്തിന് അയച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് കോഴ്സിനാണെന്നും എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നടപടി ഇന്ന് നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്കനുസൃതമാണോ എന്നും എങ്കിൽ ഏതെല്ലാം ചട്ടങ്ങൾ അയവുവരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) കരാർ നിയമനം ലഭിച്ചവർക്ക് ഉപരിപഠനത്തിന് അവസരം നൽകുന്നതുകൊണ്ട് സർക്കാരിന് എന്തെങ്കിലും പ്രയോജനമുണ്ടോ;

(ജി) സംസ്ഥാന സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും റെഗുലർ ജീവനക്കാർക്കും ഇതേ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ കരാർ വ്യവസ്ഥയിൽ നിയമനമൊന്നും നടത്തിയിട്ടില്ല.

(ബി) ഈ തസ്തികകളിൽ ആരെയും നിയമിച്ചിട്ടില്ല എന്നാൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററും നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ സഹായിക്കുവാൻ പി.ജി.ഡി.സി.എ./ എം.സി.എ.യോഗ്യതയുള്ള ഏഴുപേരും ദിവസകൂലിക്കാരായി ജോലിനോക്കുന്നു.

(ബി)&(ജി) മുകളിൽ ചോദ്യം (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly